**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 117** **05-12-2022 - ൽ മറുപടിയ്ക്ക്**

**മങ്കട പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിയ്ക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലത്തെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) | മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് മങ്കട വില്ലേജിൽ കർക്കിടകം ദേശത്ത് സർവ്വേ നമ്പർ 48/1A-യിൽ ഉൾപ്പെട്ട റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 3.8 ഏക്കർ സ്ഥലത്തു നിന്നും 50 സെന്റ് സ്ഥലം പോലീസ് വകുപ്പിന് കൈമാറി കിട്ടുന്നതിനായി മലപ്പുറം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പോലീസ് സ്റ്റേഷൻ നിലവിൽ പ്രവർത്തിയ്ക്കുന്ന കെട്ടിടത്തിന് വാടക കുടിശ്ശികയുണ്ടോ;എങ്കിൽ എത്രയാണ് കുടിശ്ശികയുള്ളതെന്നറിയിക്കാമോ; | (ബി) | മങ്കട സർവ്വീസ് സഹകരണ ബാങ്ക് അറിയിച്ചതു പ്രകാരം 31.03.2021 വരെയുള്ള വാടകയായ 5,32,318/- രൂപ നൽകിയിട്ടുണ്ട്. 01.04.2021 മുതലുള്ള 87,320/- രൂപ വാടക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിയ്ക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നിർദ്ദേശം ആഭ്യന്തരവകുപ്പിന് നൽകിയിട്ടുണ്ട്; പ്രവൃത്തി സമയപരിധി നിശ്ചയിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടെത്തിയ സ്ഥലം പോലീസ് വകുപ്പിന് കൈമാറി കിട്ടുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ